**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1742** **31-08-2022 - ൽ മറുപടിയ്ക്ക്**

**യൂണിവേഴ്സിറ്റികളിലെ അദ്ധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീമതി കെ.കെ.രമ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ സർവകലാശാല അസോസിയേറ്റ് പ്രൊഫസർ നിയമനം ചാൻസിലർ മരവിപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഈ നിയമനം റദ്ദാക്കുന്നതിന് ചാൻസിലർ സർവകലാശാലയ്ക്ക് നൽകിയ കാരണം വിശദമാക്കുമോ; | (എ) | കണ്ണൂർ സർവ്വകലാശാലയുടെ മലയാള പഠന വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമന പ്രക്രിയയുമായി ബന്ധപ്പെട്ട് കണ്ണൂർ യൂണിവേഴ്സിറ്റി ആക്ട് 1996, സെക്ഷൻ 7(3) പ്രകാരം നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടും പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും മറ്റൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ മരവിപ്പിച്ചു കൊണ്ടും ബഹുമാനപ്പെട്ട ചാൻസലർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ മരവിപ്പിക്കുന്നതിനുള്ള കാരണം പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല. |
| (ബി) | 25 വർഷത്തെ അദ്ധ്യാപന പരിചയവും നൂറിലധികം ഗവേഷണപ്രബന്ധങ്ങളും പ്രസിദ്ധീകരിച്ച അദ്ധ്യാപകന് റിസർച്ച് സ്കോറിൽ 656 സ്കോർ ലഭിച്ചിട്ടും 156 സ്കോർ ലഭിച്ചയാൾക്ക് ഒന്നാം റാങ്ക് നൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | അദ്ധ്യാപന ഗവേഷണ പരിചയങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ അവകാശപ്പെട്ട സ്കോറിൽ യു.ജി.സി. റെഗുലേഷൻ 2018 പ്രകാരം സ്വീകാര്യമായ കുറഞ്ഞ സ്കോർ 75 ഉണ്ടെന്ന് ഉറപ്പ് വരുത്തിയ ഉദ്യോഗാർത്ഥികളെയാണ് ഷോർട്ട് ലിസ്റ്റ് ചെയ്യുവാൻ സ്ക്രീനിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്. ഉദ്യോഗാർത്ഥികൾ അവകാശപ്പെട്ട സ്കോറിൽ യു.ജി.സി. റെഗുലേഷൻ 2018 പ്രകാരം സ്വീകാര്യമായ അന്തിമ സ്കോർ സ്ക്രീനിംഗ് കമ്മിറ്റി രേഖപ്പെടുത്തിയിട്ടില്ല. സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്കോർ രേഖപ്പെടുത്തുന്നതിന് അനുവദിച്ച പട്ടിക പ്രകാരം ഉദ്യോഗാർത്ഥികൾ അവകാശപ്പെട്ടിട്ടുള്ള സ്കോർ അന്തിമമാണെന്ന് സ്ക്രീനിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല. ചുവടെ ചേർത്തിരിക്കുന്ന അഞ്ച് മേഖലകളിൽ പരമാവധി 10 മാർക്ക് വീതം നിശ്ചയിച്ച് അഭിമുഖത്തിൽ മാർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഉദ്യഗാർത്ഥികളെ റാങ്ക് ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | 1. Research<br><br>2. Publication<br><br>3. Teaching Ability<br><br>4. Language Competence<br><br>5. Inter disciplinary and Domain<br><br>Knowledge. |
| (സി) | കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അടക്കം അനധികൃത അദ്ധ്യാപക നിയമനം നടത്തുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർവകലാശാലകളിലെ നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | യു.ജി.സി. നിയമാവലികളും ചട്ടങ്ങളും പാലിച്ചുകൊണ്ടാണ് സർവ്വകലാശാലകളിൽ അദ്ധ്യാപക നിയമനങ്ങൾ നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ